പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7541 — 14.07.2014- ൽ മറുപടിക്ക്

സ്നേഹപൂർവ്വം പദ്ധതി - കുട്ടനാട്ടിൽ നിന്നുള്ള അപേക്ഷകൾ

ചോദ്യം
ശ്രീ. തോമസ് ചാണ്ടി

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്നേഹപൂർവ്വം പദ്ധതിയിൽ കുട്ടനാട്ടിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഏതൊക്കെ പരിഗണിച്ചുവെന്നും ഏതൊക്കെ നിരസിച്ചുവെന്നും ആയതിനുള്ള കാരണം സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിനുവേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല. കുട്ടനാട് നിയോജകമണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച 4,260 അപേക്ഷകളിൽ 1,210 അപേക്ഷകൾ, അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവരും, വരുമാന പരിധി കഴിഞ്ഞവരുമായ കാരണത്താൽ നിരസിച്ചിട്ടുണ്ട്. 1,105 പേർക്ക് ധനസഹായം അനുവദിയ്ക്കുകയും, അപാകതകൾ പരിഹരിച്ച് ലഭിച്ച 1,016 അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എം.എൽ.എ മുഖാന്തിരമോ അപേക്ഷകർ നേരിട്ടോ ഓഫീസിൽ അപേക്ഷ സമർപ്പിക്കുന്ന അവസ്ഥ ഒഴിവാക്കി സ്കൂളുകളിൽ നിന്നും അപേക്ഷ അയയ്ക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | സ്കൂളുകളിൽ നിന്നും അയയ്ക്കുന്ന അപേക്ഷ സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസിൽ കിട്ടുന്നില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ